# 7
# സ്വാതന്ത്ര്യത്തിന്റെ വഴികൾ

എല്ലാവർഷവും സ്കൂളിൽ സ്വാതന്ത്ര്യദിനാഘോഷപരിപാടികൾ നടക്കാറുണ്ട്. ഈ ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിലൂടെയും മറ്റും സ്വാതന്ത്ര്യദിനത്തിന്റെ പ്രാധാന്യം കുട്ടികൾ തിരിച്ചറിഞ്ഞിട്ടുണ്ടാകും. സ്വാതന്ത്ര്യസമര ചരിത്രത്തിലെ ചില സംഭവങ്ങളെക്കുറിച്ച് അവർക്ക് കേട്ടറിവുണ്ടാകും. ഗാന്ധിജി, നെഹ്റു തുടങ്ങിയ നേതാക്കളെക്കുറിച്ചും കുട്ടികൾക്ക് ചിലതൊക്കെ അറിയാം. കുട്ടികളുടെ ഈ അറിവിനെ ഉപയോഗപ്പെടുത്തിക്കൊണ്ടുവേണം 'സ്വാതന്ത്ര്യത്തിന്റെ വഴികൾ' എന്ന പാഠഭാഗത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ.

ചരിത്രസംഭവങ്ങളെ അവയുടെ കാലഗണനയ്ക്കനുസരിച്ച് ഉൾക്കൊള്ളാനോ അതിന്റെ അനുക്രമമായ വികാസം തിരിച്ചറിയാനോ ഒൻപതു വയസ്സുള്ള ഒരു കുട്ടിക്ക് പ്രയാസമുണ്ടാകും. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ പഠനമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. അത് മുതിർന്ന ക്ലാസുകളിലെ പഠനവിഷയമാണ്. സ്വാതന്ത്ര്യസമരചരിത്രത്തിലെ വികാരനിർഭരമായ ചില സംഭവങ്ങൾ കഥാരൂപത്തിൽ അവതരിപ്പിച്ചാൽ മതിയാകും. അത് കുട്ടികളെ തന്റെ നാടിന്റെ ചരിത്രത്തെക്കുറിച്ച് ആവേശംകൊള്ളിക്കും. ഒപ്പം ഒറ്റയ്ക്കും സംഘമായുമുള്ള കൊച്ചു കൊച്ചു അന്വേഷണങ്ങൾക്കും അവസരം നൽകണം. വരും ക്ലാസ്സുകളിലെ വിശദമായ ചരിത്രപഠനത്തിനുള്ള ഒരു തുടക്കമാകണം ഈ പാഠം.

**പ്രശ്ന മേഖല: സാംസ്ക്കാരിക തനിമയെക്കുറിച്ചും അതിന്റെ സ്വതന്ത്ര വികാസത്തെക്കുറിച്ചുമുള്ള ധാരണയില്ലായ്മ**

**മോഡ്യൂൾ 1**

| ആശയങ്ങൾ | പ്രക്രിയകളും കഴിവുകളും | പ്രകടിതരൂപം | വിലയിരുത്തൽ |
|---|---|---|---|
| • ഇന്ത്യൻ സ്വാതന്ത്ര്യത്തിനു വേണ്ടി ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യക്കാർ നടത്തിയ സമരമാണ് ദേശീയ സ്വാതന്ത്ര്യസമരം<br>• ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നിരവധി സംഭവങ്ങളും വ്യക്തികളുമുണ്ട്. | • വായനാസാമഗ്രികൾ, ചർച്ച, സി.ഡി എന്നിവയിലൂടെ ദേശീയ സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് പ്രാഥമിക ആശയം രൂപീകരിക്കുന്നു. | • പ്രതികരണങ്ങൾ<br>• ഇന്ത്യക്കാർ അനുഭവിച്ച പ്രയാസങ്ങൾ - കുറിപ്പ്<br>• ഉപ്പുസത്യാഗ്രഹം - കുറിപ്പ് | • ഇന്ത്യക്കാർ അനുഭവിച്ച പ്രയാസങ്ങൾ-കുറിപ്പ്-ആശയങ്ങളുടെ വൈവിധ്യം, വൈപുല്യം എന്നിവ വിലയിരുത്തൽ. |
| | • പുസ്തകങ്ങൾ, ഓഡിയോ സി.ഡി എന്നിവയിൽ നിന്നും മുതിർന്നവരോട് ചോദിച്ചും സ്വാതന്ത്ര്യസമര ഗീതങ്ങൾ ശേഖരിക്കുകയും ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. | • സ്വാതന്ത്ര്യസമര ഗീതങ്ങളുടെ ശേഖരം | • സ്വാതന്ത്ര്യസമര ഗീതങ്ങൾ-അവതരണം-പങ്കാളിത്തം. |
| | • ഗ്രൂപ്പ് ചർച്ചയിലൂടെ ഏതെങ്കിലും ഒരു ചരിത്ര സംഭവത്തിന്റെ നാടക രൂപം തയാറാക്കുകയും ക്ലാസിൽ അവതരിപ്പിക്കുകയം ചെയ്യുന്നു. | • നാടകം | • ഗ്രൂപ്പുകളുടെ പരസ്പര വിലയിരുത്തൽ-പങ്കാളിത്തം, കഥാപാത്രങ്ങളെ എത്രത്തോളം ഉൾക്കൊണ്ടിട്ടുണ്ട്. |
| | • സ്വന്തം പ്രദേശത്തു നടന്ന സ്വാതന്ത്ര്യസമര സംഭവത്തെക്കുറിച്ചും അതിൽ പങ്കെടുത്ത വ്യക്തിയെക്കുറിച്ചും നേരിട്ടോ ദ്വിതീയ സ്രോതസ്സിലൂടെയോ വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയാറാക്കുന്നു. | • കുറിപ്പ് | • വിവരശേഖരണം നടത്തിയ പ്രക്രിയ<br>• കുറിപ്പിന്റെ ഉള്ളടക്കം. |
| | • സ്വാതന്ത്ര്യസമരത്തിന് നേതൃത്വം നൽകിയ മഹാന്മാരുടെയും സംഭവങ്ങളുടെയും ചിത്രം ശേഖരിച്ച് കുറിപ്പുകൾ തയാറാക്കി ഗ്രൂപ്പിൽ ആൽബം നിർമിക്കുന്നു. | • ആൽബം | • വൈപുല്യം, വൈവിധ്യം ചിട്ടപ്പെടുത്തൽ എന്നിവ വിലയിരുത്തൽ. |

പഠന സാമഗ്രികൾ : • സി.ഡി കൾ
- Life of Mahatma Gandhi
- ഗാന്ധി സിനിമ - റിച്ചാർഡ് അറ്റൻബറോ
- സ്വാതന്ത്ര്യസമരഗീതങ്ങൾ - ഓഡിയോ സി.ഡി

• പുസ്തകങ്ങൾ
- ദേശീയ സ്വാതന്ത്ര്യസമരചരിത്രം കുട്ടികൾക്ക് (കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്)
- നാം ചങ്ങല പൊട്ടിച്ച കഥ - കെ.തായാട്ട്

• മഹാന്മാരുടെ ചിത്രങ്ങൾ, പ്രദേശത്തെ സ്വാതന്ത്ര്യസമര സംഭവങ്ങളുടെ റ്റി.എൽ.റ്റി, ചാർട്ട് പേപ്പർ, കത്രിക, പശ, സ്കെച്ച് പെൻ.

പ്രതീക്ഷിത സമയം : • 4 മണിക്കൂർ

### സ്കൂളിലെ സ്വാതന്ത്ര്യദിനാഘോഷം

എല്ലാ വർഷവും സ്കൂളിൽ സ്വാതന്ത്ര്യദിനാഘോഷപരിപാടികൾ നടക്കാറുണ്ടല്ലോ. കഴിഞ്ഞ സ്വാതന്ത്ര്യദിനാഘോഷത്തെക്കുറിച്ചുള്ള ചർച്ചയിലൂടെ പാഠഭാഗത്തേക്കുകടക്കാം.

- സ്വാതന്ത്ര്യദിനാഘോഷത്തിന് എന്തൊക്കെയായിരുന്നു ഒരുക്കങ്ങൾ?
- ആരൊക്കെയായിരുന്നു അതിഥികൾ?
- അവരെന്തായിരുന്നു പ്രസംഗിച്ചത്?
- എന്തൊക്കെ കലാപരിപാടികൾ ഉണ്ടായിരുന്നു?
- 

ആ ദിവസം കുട്ടികൾ കുറിച്ചിട്ട ഡയറിക്കുറിപ്പുകൾ വീണ്ടും അവതരിപ്പിക്കാവുന്നതാണ്.


ഐശ്വര്യ.കെ.കെ

ഡയറി

15.8.2008 സ്വാതന്ത്ര്യത്തിന്റെ ദിവസം

ഞാൻ ഇന്നും രാവിലെ ഉണർന്നു. ഇന്ന് ഒരു സന്തോഷമുള്ള ദിവസമാണ്. ഇന്ന് നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയതാണ്. ഒരുപാട് മഹാന്മാർ സമരങ്ങൾ നടത്തി നമുക്ക് നേടിതന്ന സ്വാതന്ത്ര്യം അതാണ്. ഇന്ന് ഞാൻ വളരെ അധികം സന്തോഷത്തിലാണ്. സ്കൂൾ ഇന്നലെ തന്നെ അലങ്കരിച്ചിരുന്നു. ഞാൻ വേഗം റെഡിയായി സ്കൂളിലേക്ക് യാത്രയായി. സ്വാതന്ത്ര്യം കിട്ടിയ ദിവസമായിട്ടും വണ്ടികൾക്ക് ഒരു വിശ്രമം പോലും ഇല്ല. ഓടിക്കൊണ്ടെ ഇരിക്കുന്നു. ഞാൻ വേഗം സ്കൂളിലേക്ക് പോയി എല്ലാവരും എത്തിയിരുന്നു. എല്ലാവരും സന്തോഷത്തിലാണ്. ഇന്ന് ഞങ്ങളുടെ നാടകമുണ്ട്. ഉപ്പുസത്യാഗ്രഹത്തെ കുറിച്ച് ഞങ്ങൾ എഴുതിയ നാടകം. പിന്നെ ദേശഭക്തിഗാനങ്ങളുടെ അവതരണവും.


സമയം ഒൻപതുമണി. അസംബ്ലി ചേർന്നു. ഹെഡ്മിസ്ട്രസ് പതാക ഉയർത്തി എല്ലാവരും സല്യൂട്ട് അടിച്ചു പതാകഗാനം പാടി. ഹെഡ്മിസ്ട്രസിന്റെ പ്രസംഗം കേട്ട് അങ്ങനെ നിന്നുപോയി. ഗാന്ധിജിയെക്കുറിച്ചും സ്വാതന്ത്ര്യത്തിന് വേണ്ടി ജീവൻ ബലികൊടുത്തവരെകുറിച്ചും ടീച്ചർ പറഞ്ഞു പിന്നെ ഞങ്ങളുടെ നാടകമായിരുന്നു കാണാൻ ഒരുപാടു നാട്ടുകാർ വന്നിരുന്നു. ഗാന്ധിജിയായി അഭിനയിച്ച സുജിത്ത് ഗംഭീരമാക്കി. ശരിക്കും ഗാന്ധിജിയുടെ നടപ്പും പെരുമാറ്റവും. പ്രമോദിന്റെ ബ്രിട്ടീഷ് പട്ടാളക്കാരന്റെ വേഷവും നന്നായി.

പിന്നെ സ്കൂളിലെ മുഴുവൻ കുട്ടികളും ചേർന്ന് ദേശഭക്തിഗാനങ്ങൾ ആലപിച്ചു. പിടിഎയുടെ വക ഉഗ്രൻ പായസം. ജീവിതത്തിൽ സൂക്ഷിക്കാൻ ഒരു നല്ല ദിവസംകൂടി. ഗുഡ്ബൈ

### വിദ്യാർത്ഥികളുടെ ധീരത

സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് വികാരനിർഭരമായ നിരവധി സംഭവങ്ങളുണ്ട്. 1942 ആഗസ്റ്റ് 10 ന് ബീഹാറിലെ പാറ്റ്നയിൽ നടന്ന സംഭവം കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ. തുടർന്ന് ടീച്ചർക്ക് ഈ പാഠഭാഗം വികാരതീവ്രതയോടെ വായിച്ചവതരിപ്പിക്കാം. ഈ സംഭവത്തോട് കുട്ടികൾ എങ്ങനെ പ്രതികരിക്കുന്നു എന്നറിയേണ്ടതില്ലേ? അതിന് ചില ചോദ്യങ്ങളാവാം.

- നിയമസഭാമന്ദിരത്തിനുമുകളിൽ ദേശീയ പതാക ഉയർത്താൻ കുട്ടികൾ തീരുമാനിച്ചത് എന്തുകൊണ്ടായിരിക്കാം?
- നിങ്ങൾ ആരുടെ ഭാഗത്താണ്? വിദ്യാർത്ഥികളുടെയോ അതോ പോലീസ് ഉദ്യോഗസ്ഥന്റെയോ? എന്തുകൊണ്ട്?

കുട്ടികൾ അവരുടെ പ്രതികരണങ്ങൾ വ്യക്തിഗതമായി എഴുതി അവതരിപ്പിക്കട്ടെ.

സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള കുട്ടികളുടെ ആർജിതഅറിവ് വിലയിരുത്താൻ ഈ പ്രതികരണങ്ങൾ ടീച്ചറെ സഹായിക്കുമല്ലോ. ഇതുപോലുള്ള മറ്റു ചില ചരിത്രസംഭവങ്ങളെക്കുറിച്ചും കുട്ടികൾ കേട്ടിട്ടുണ്ടാകും. കുട്ടികൾക്കറിയാവുന്ന അത്തരം സംഭവങ്ങൾ അവതരിപ്പിക്കാൻ അവർക്ക് അവസരം നൽകണം. ജാലിയൻ വാലാബാഗ്, വാഗൺ ട്രാജഡി തുടങ്ങിയ ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിലെ ചോരപൊടിയുന്ന ഏടുകൾ ടീച്ചർക്കും അവതരിപ്പിക്കാം.

**സ്വാതന്ത്ര്യമെന്നാൽ**

സ്വാതന്ത്ര്യം എന്ന ആശയം നാലാം ക്ലാസ്സിലെ കുട്ടികളിൽ രൂപപ്പെട്ടിട്ടുണ്ടാകുമോ? സ്വാതന്ത്ര്യത്തെ സ്വന്തം ജീവിതവുമായി ബന്ധപ്പെടുത്തി കുട്ടികൾ എങ്ങനെയായിരിക്കും നോക്കികാണുന്നത്? എന്നൊക്കെ അറിയുന്നത് രസകരമായിരിക്കില്ലേ? എങ്കിൽ ഈ ചോദ്യം ഉന്നയിച്ചുകൊണ്ട് തുടങ്ങാം 'എന്താണ് സ്വാതന്ത്ര്യം? സ്വാതന്ത്ര്യമില്ലാത്തഅവസ്ഥ നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ?

കുട്ടികളുടെ പ്രതികരണങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുക, വിലയിരുത്തുക. സ്വാതന്ത്ര്യം എന്ന വാക്കിന് കുട്ടികൾ അവരുടേതായ അർത്ഥമാണ് നൽകുക. അതു തിരുത്തേണ്ടതില്ല. അവർ എങ്ങനെ ചിന്തിക്കുന്നു എന്നു മാത്രം അറിയാം.

ഇനി ഈ ചോദ്യത്തെ പാഠഭാഗവുമായി ബന്ധിപ്പിക്കാം.

- നമുക്ക് എപ്പോഴാണ് സ്വാതന്ത്ര്യം കിട്ടിയത്?
- ആരിൽ നിന്നാണ് സ്വാതന്ത്ര്യം കിട്ടിയത്?

പേജ് 48 ലെ 'കച്ചവടത്തിനായിവന്നവർ' എന്ന ഭാഗം കുട്ടികൾ വ്യക്തിഗതമായി വായിക്കട്ടെ.

തുടർന്ന് 'അന്ന് ഇന്ത്യാക്കാർ എന്തെല്ലാം പ്രയാസങ്ങൾ അനുഭവിച്ചിരിക്കാം?' എന്ന ചോദ്യം

'എന്താണു സ്വാതന്ത്ര്യം?' എന്ന ചോദ്യം ഞാൻ കുട്ടികൾക്കു മുന്നിൽ അവതരിപ്പിച്ചു. അല്പനേരത്തേക്ക് ആരും ഒന്നും മിണ്ടിയില്ല.



"സ്വാതന്ത്ര്യം എന്നതുകൊണ്ട് നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്? സ്വാതന്ത്ര്യം നഷ്ടപ്പെട്ടതായി നിങ്ങൾക്ക് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?"

ഞാൻ വീണ്ടും ചോദിച്ചു. കുറച്ചുനേരം നിശബ്ദത.

അർജ്ജുൻ എഴുന്നേറ്റുനിന്നു പറഞ്ഞു.

"സന്തോഷം തോന്നുമ്പോഴാണ് എനിക്ക് സ്വാതന്ത്ര്യമുള്ളതായി തോന്നുക."

"മഴപെയ്യുമ്പോൾ, കുടപിടിച്ച് മഴയിലൂടെ നടക്കുമ്പോൾ എനിക്ക് സ്വാതന്ത്ര്യം തോന്നും." നന്ദന പറഞ്ഞു.

"നമുക്ക് കളിക്കണം, പഠിക്കണം, സ്കൂളിൽ പോണം. അതാണ് നമ്മുടെ സ്വാതന്ത്ര്യം." നിധീഷ് പറഞ്ഞു.

"അച്ഛൻ വീട്ടിലുണ്ടെങ്കിൽ എന്നെ കളിക്കാൻ വിടില്ല. വീട്ടിൽത്തന്നെയിരിക്കണം. അപ്പോൾ എനിക്കു വിഷമമാകും. ഒന്നിനും സ്വാതന്ത്ര്യമില്ലാത്തതുപോലെ." അതുവരെ മിണ്ടാതിരുന്ന വിനീത് പറഞ്ഞു.

"തത്തയെ പിടിച്ച് കൂട്ടിലിട്ടാൽ അതിനു സ്വാതന്ത്ര്യമില്ല. തത്തയ്ക്ക് എപ്പോഴും ആകാശത്തിൽ പറന്നു നടക്കണം." എന്നോ കേട്ടുമറന്ന കഥയുമായി ബന്ധിപ്പിച്ചാണ് ശില്പ പറഞ്ഞത്.

കുട്ടികൾ സ്വാതന്ത്ര്യം എന്ന ആശയത്തെ വിവിധ രീതിയിൽ നോക്കിക്കാണുകയാണ്. ശില്പ നേരത്തെ സൂചിപ്പിച്ച തത്തയെ കുറിച്ചു പറഞ്ഞു തന്നെ തുടങ്ങിയാലോ? സ്വർണ്ണക്കൂട്ടിലടയ്ക്കപ്പെട്ട തത്തയുടെ കഥ...

ഉന്നയിക്കാം. കുട്ടികൾ വ്യക്തിഗതമായി അവരുടെ ഊഹം എഴുതി അവതരിപ്പിക്കട്ടെ. പിന്നീട് അന്വേഷണമാകാം. 'ദേശീയ സ്വാതന്ത്ര്യസമരചരിത്രം കുട്ടികൾക്ക്' (ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്) 'നാം ചങ്ങല പൊട്ടിച്ച കഥ' (കെ. തായാട്ട്) തുടങ്ങിയ പുസ്തകങ്ങൾ ഉപയോഗപ്പെടുത്താം. കുട്ടികൾ ഗ്രൂപ്പുതിരിഞ്ഞ് വിവരങ്ങൾ ശേഖരിച്ച് കുറിപ്പു തയ്യാറാക്കട്ടെ. ഈ കുറിപ്പുകൾ ചുമർപത്രത്തിലോ പതിപ്പിലോ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ?

### ഗാന്ധിജിയും ഉപ്പു സത്യഗ്രഹവും

ദക്ഷിണാഫ്രിക്കയിൽ അഭിഭാഷകനായി ജോലി നോക്കുന്ന ഗാന്ധിജിയുടെ ജീവിത കഥ പറഞ്ഞുകൊടുക്കാം. അവിടെ വർണവിവേചനത്തിനെതിരായുള്ള ഗാന്ധിജിയുടെ സമരത്തിന്റെ തുടക്കം മുതൽ 1915 ൽ ബോംബെയിൽ കപ്പലിറങ്ങുന്ന ഗാന്ധിജിക്കു നൽകുന്ന സ്വീകരണം, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വം അദ്ദേഹം ഏറ്റെടുക്കുന്നത്, തുടർന്നു നടക്കുന്ന സമരങ്ങൾ... ഇത്രയും ഭാഗങ്ങൾ കഥാരൂപത്തിൽ രസകരമായി കുട്ടികൾക്കു പറഞ്ഞുകൊടുക്കാം.

പാഠഭാഗത്ത് പേജ് 49 ൽ കൊടുത്ത രണ്ടു ചിത്രങ്ങളും കുട്ടികൾ പരിശോധിക്കട്ടെ തുടർന്ന് 'ഉപ്പുസത്യഗ്രഹം' വ്യക്തിഗതമായി വായിക്കുന്നു. ഉപ്പുസത്യാഗ്രഹത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കട്ടെ. റിച്ചാർഡ് അറ്റൻബറോയുടെ ഗാന്ധി സിനിമയിൽ നിന്നുള്ള ഉപ്പുസത്യഗ്രഹ രംഗങ്ങൾ പ്രദർശിപ്പിക്കാം. ഗ്രൂപ്പു തിരിഞ്ഞ് റഫറൻസ് ഗ്രന്ഥങ്ങൾ പരിശോധിച്ചുകൊണ്ട് കേരളത്തിൽ നടന്ന ഉപ്പു സത്യാഗ്രഹത്തെക്കുറിച്ച് വിവരണങ്ങൾ ശേഖരിച്ച് കുറിപ്പു തയാറാക്കട്ടെ. ഓരോഗ്രൂപ്പും തങ്ങൾ തയാറാക്കിയ കുറിപ്പുകൾ അവതരിപ്പിക്കട്ടെ. ആശയങ്ങൾ കൂട്ടിച്ചേർത്ത് കുറിപ്പുകൾ മെച്ചപ്പെടുത്താം. കുട്ടികളുടെ ഇത്തരം രചനകൾ ചുമർപത്രത്തിലോ പതിപ്പിലോ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ?

**ഈ പ്രവർത്തനം വിലയിരുത്തേണ്ടതല്ലേ? എങ്കിൽ എങ്ങനെയാണ് വിലയിരുത്തുക?**

വിലയിരുത്തലിൽ എന്തൊക്കെ ഉൾപ്പെടുത്തണം?

- വിവരശേഖരണത്തിനായി കുട്ടികൾ കടന്നുപോയ പ്രക്രിയ - റഫറൻസിങ്ങിലൂടെ ആശയം കണ്ടെത്തൽ, ഗ്രൂപ്പിൽ ആശയങ്ങളുടെ പങ്കുവയ്ക്കൽ, മറ്റു ഗ്രൂപ്പുകളുമായുള്ള ചർച്ചയിലൂടെ ആശയങ്ങളുടെ സാധുത പരിശോധിക്കലും സ്വീകരിക്കലും
- കുട്ടികൾ തയാറാക്കിയ ഉൽപ്പന്നം (കുറിപ്പ്) അതിന്റെ ഉള്ളടക്കം, സമഗ്രത.

**വരിക വരിക സഹജരേ....**

വരിക വരിക സഹജരേ
വലിയ സഹന സമരമായ്
കരളുറുച്ചു കൈകൾ കോർത്തു
കാൽനടയ്ക്കു പോക നാം.
കൺതുറന്നു നോക്കുവിൻ
കൈകൾ കോർത്തിറങ്ങുവിൻ
കപടകുടില ഭരണകൂട-
മിക്ഷണം തകർക്കണം
വിജയമെങ്കിൽ വിജയവും
മരണമെങ്കിൽ മരണവും
ഭയവിഹീനമഖിലജനവു-
മാശ്വസിച്ചിറങ്ങണം
ബ്രിട്ടനെ തുരത്തുവിൻ
ചട്ടമൊക്കെ മാറ്റുവിൻ
ദുഷ്ടനീതി വിഷ്ടപത്തി-
ലൊട്ടുമേ ജയിച്ചിടാ

കെ. കേളപ്പന്റെ നേതൃത്വത്തിൽ കോഴിക്കോട്ടുനിന്നും പയ്യന്നൂരിലേക്കു പുറപ്പെട്ട ഉപ്പുസത്യാഗ്രഹ ജാഥയിൽ ഉയർന്നു കേട്ട പാട്ടായിരുന്നു ഇത്. അംശി നാരായണപിള്ള രചിച്ച ഈ ഗാനം സ്വാതന്ത്ര്യസമരഭടന്മാരെ ആവേശം കൊള്ളിച്ചു.

ഈ ഗാനം ചാർട്ടിലെഴുതി പ്രദർശിപ്പിക്കാമല്ലോ. കുട്ടികൾ സംഘമായി ഈണത്തിൽ പാടി രസിക്കട്ടെ. ഇതുപോലെ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ജനങ്ങളെ ആവേശം കൊള്ളിച്ച നിരവധി ഗാനങ്ങൾ ഇനിയുമുണ്ട്. അവയിൽ ചിലതു ശേഖരിച്ച് ക്ലാസ്സിൽ അവതരിപ്പിക്കാവുന്നതാണ്.

**നാടകം കളിക്കാം**

ഉപ്പുസത്യഗ്രഹത്തെക്കുറിച്ച് വായിച്ചും കേട്ടും സിനിമ കണ്ടും കുട്ടികളുടെ മനസ്സിൽ ഒരു ചിത്രം രൂപപ്പെട്ടിട്ടുണ്ടാകും. ഇതിനെ ഒരു നാടകമാക്കി രൂപാന്തരപ്പെടുത്താൻ അവർക്കു കഴിയില്ലേ? അതിന് എന്തൊക്കെ തയാറെടുപ്പുകളാണ് വേണ്ടത്?

- കുട്ടികളുടെ ലജ്ജാശീലം മാറ്റിയെടുക്കുന്നതിനും മറ്റുമായി ചില തീയേറ്റർ ഗെയിമുകൾ നൽകുക.
- കുട്ടികളെ പത്തു പേരടങ്ങുന്ന ഗ്രൂപ്പുകളാക്കി തിരിക്കുക.
- ഓരോ ഗ്രൂപ്പും ഈ ചരിത്ര സംഭവത്തെ നാലോ അഞ്ചോ നിശ്ചലദൃശ്യങ്ങളാക്കി (ടാബ്ലോ) അവതരിപ്പിക്കട്ടെ. (ഉദാഹരണമായി ഉപ്പിന് നികുതി കൂട്ടിയപ്പോൾ ജനങ്ങൾ അനുഭവിച്ച കഷ്ടതകളുടെ ഒരു ദൃശ്യം, സബർമതി ആശ്രമത്തിലെ പ്രാർത്ഥനായോഗത്തിൽ ഗാന്ധിജിയും അനുയായികളും, ദണ്ഡിയാത്ര, കടപ്പുറത്ത് ഉപ്പു വാരുന്നത്....) ഇതിന്റെ ആലോചനയ്ക്കും റിഹേഴ്സലിനുമായി 20 മിനിട്ടു സമയം അനുവദിക്കണം.
- ഓരോഗ്രൂപ്പും ടാബ്ലോ അവതരിപ്പിച്ചതിനു ശേഷം മറ്റു ഗ്രൂപ്പുകൾ അതിനെ വിലയിരുത്തണം. ടാബ്ലോ എത്രമാത്രം ഫലപ്രദമായി, മറ്റുള്ളവർക്ക് മനസ്സിലാകുന്ന രീതിയിൽ ദൃശ്യങ്ങളെ ക്രമീകരിക്കാൻ കഴിഞ്ഞുവോ തുടങ്ങിയ കാര്യങ്ങൾ
- തുടർന്ന് ഗ്രൂപ്പുകൾ തങ്ങൾ അവതരിപ്പിച്ച ദൃശ്യങ്ങളെ കോർത്തിണക്കിക്കൊണ്ട് നാടകത്തിന്റെ സ്ക്രിപ്റ്റ് തയാറാക്കട്ടെ.
- കഥാപാത്രങ്ങളെ നിശ്ചയിക്കലാണ് അടുത്തഘട്ടം. ആവശ്യമായ കോസ്റ്റ്യൂമുകളും സംഘടിപ്പിക്കണം. ഗാന്ധിജിക്കുള്ള വടി, തോർത്തുമുണ്ട് തുടങ്ങി ചുറ്റുപാടിൽ നിന്നും എളുപ്പത്തിൽ ലഭിക്കാവുന്നവ
- അരമണിക്കൂർ റിഹേഴ്സലിനായി അനുവദിക്കണം.
- ഓരോ ഗ്രൂപ്പിന്റെയും അവതരണം മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുക

? കുട്ടികൾ തയാറാക്കിയ നാടകത്തിന്റെ പുനരവതരണം എവിടെയൊക്കെയാകാം?

- ബാലസഭയിൽ
- ക്ലാസ് പി.ടി.എ യോഗത്തിൽ
- സ്വാതന്ത്ര്യദിനത്തിൽ നാട്ടുകാർക്കു മുന്നിൽ

**സ്വാതന്ത്ര്യത്തിലേക്ക്**

പാഠഭാഗം പേജ് 50 ലെ ചിത്രം കുട്ടികൾ പരിശോധിക്കട്ടെ. ചിത്രത്തിൽ ആരെയൊക്കെയാണ് കുട്ടികൾക്ക് തിരിച്ചറിയാൻ കഴിയുമോ? ചർച്ചചെയ്യാം.

തുടർന്ന് 'സ്വാതന്ത്ര്യത്തിലേക്ക്' വ്യക്തിഗതമായി വായിച്ചു നോക്കട്ടെ.

'സ്വാതന്ത്ര്യം കിട്ടിയ മുഹൂർത്തം ഇന്ത്യയിലെ ജനങ്ങൾ എങ്ങനെയായിരിക്കും ആഘോഷിച്ചിരിക്കുക? എന്ന ചോദ്യം അവതരിപ്പിക്കാം. കുട്ടികൾക്ക് അവരുടെ പ്രതികരണങ്ങൾ എഴുതി അവതരിപ്പിക്കാൻ അവസരം നൽകുമല്ലോ.

**ക്വിറ്റിന്ത്യാസമരം**

*1942 ആഗസ്റ്റ് മൂന്നിന് ബോംബെയിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ് ക്വിറ്റിന്ത്യാ പ്രമേയം പാസാക്കിയത്. 'ബ്രിട്ടീഷുകാർ ഇന്ത്യ വിടുക' എന്ന മുദ്രാവാക്യം രാജ്യമെങ്ങും അലയടിച്ചു 'പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക' എന്ന മഹാത്മജിയുടെ ആഹ്വാനം ജനങ്ങളിൽ ആവേശത്തിന്റെ അലയടികൾ സൃഷ്ടിച്ചു.*

*ആഗസ്റ്റ് ഒൻപതിന് ഗാന്ധിജി അടക്കമുള്ള നേതാക്കന്മാരെ അറസ്റ്റു ചെയ്തു. ഗാന്ധിജിയേയും, സഹധർമ്മിണി കസ്തൂർബായേയും പൂനയിലെ ആഗാഖാൻ കൊട്ടാരത്തിലാണ് പാർപ്പിച്ചത്. കസ്തൂർബ അവിടെ വച്ചു മരിച്ചു. കൊട്ടാരമുറ്റത്തുതന്നെ ശവദാഹം നടത്തി.*

*ക്വിറ്റിന്ത്യാസമരം മുന്നോട്ടു നയിക്കാൻ ജയപ്രകാശ് നാരായണനും ഒരു മുഖ്യപങ്ക് വഹിക്കുകയുണ്ടായി.*

**നാട്ടിലെ സ്വാതന്ത്ര്യസമരം**

സ്വന്തം പ്രദേശത്ത് നടന്ന സ്വാതന്ത്ര്യ സമരസംഭവങ്ങളെക്കുറിച്ചും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത വ്യക്തികളെകുറിച്ചും കുട്ടികൾ അറിയേണ്ടതല്ലേ? എങ്ങനെയാണ് അറിയുക?

- മുതിർന്നവരോട് അന്വേഷിച്ച്
- സ്വാതന്ത്ര്യസമരസേനാനികളെ നേരിട്ടു കണ്ടും അവരുടെ വീടുകൾ സന്ദർശിച്ചും.
- പഞ്ചായത്ത് വികസനരേഖ പരിശോധിച്ച്.
- ടീച്ചർ തയാറാക്കുന്ന ലോക്കൽ ടെക്സ്റ്റുകളിൽ നിന്നും

ശേഖരിച്ച വിവരങ്ങൾ പതിപ്പിലോ ചുമർപത്രികയിലോ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ.

**ആൽബം നിർമ്മിക്കാം**

സ്വാതന്ത്ര്യസമരത്തിനു നേതൃത്വം നൽകിയ മഹാന്മാരുടെയും സ്വാതന്ത്ര്യ സമരസംഭവങ്ങളുടേയും ചിത്രങ്ങൾ കുട്ടികൾ ശേഖരിക്കട്ടെ. ഓരോന്നിനെക്കുറിച്ചും ലഘുകുറിപ്പുകൾ തയാറാക്കാം. തുടർന്ന് ആൽബം നിർമിക്കാം. ആവശ്യമായ കത്രിക, പശ, കടലാസ് എന്നിവ ലഭ്യമാക്കണം.

**ടീച്ചർക്ക്**

1947 ആഗസ്റ്റ് 14 ന് അർദ്ധരാത്രി ജവഹർലാൽ നെഹ്റു രാജ്യത്തോടായി ചെയ്ത പ്രസംഗത്തിന്റെ ആദ്യഭാഗം.

Long years ago we made a tryst with destiny and now the time comes when we shall redeem our pledge, not wholly or in full measure, but very substantially. when the world sleeps, India will awake to life and freedom. A moment comes, which comes but rarely in history, when we step out from the old to the new, when an age ends, and when the soul of a nation, long suppressed, this solemn moment we take the pledge of dedication to the service of India and her people and to the still larger cause of humanity.

## ജാലിയൻവാലാബാഗ്

പഞ്ചാബിലെ ജനങ്ങൾക്കു നേരെയുള്ള ബ്രിട്ടീഷ് പട്ടാളത്തിന്റെ അതിക്രമങ്ങൾ വർദ്ധിച്ചുവന്നു. ആളുകൾ പൊതുയോഗം ചേരുന്നതും പ്രകടനം നടത്തുന്നതും നിരോധിച്ചു. ഇതിൽ പ്രതിഷേധിച്ചു കൊണ്ട് 1919 ഏപ്രിൽ 13-ാം തീയ്യതി വൈശാഖ പൗർണ്ണമിനാളിൽ അമൃതസറിലെ ജാലിയൻവാലാബാഗ് എന്ന സ്ഥലത്ത് ആയിരക്കണക്കിനാളുകൾ ഒത്തു ചേർന്നു. നാലുവശവും മതിലുകളാൽ ചുറ്റപ്പെട്ട വിശാലമായ സ്ഥലത്താണ് സമ്മേളനം നടന്നത്. ഒരു പ്രവേശനമാർഗ്ഗമേ അതിനുണ്ടായിരുന്നുള്ളു. ഉന്തികൊണ്ടു പോകാവുന്ന ഒരു കൈവണ്ടി പോലും കടത്താൻ പറ്റാത്ത മട്ടിൽ ഇടുങ്ങിയതായിരുന്നു ആ വഴി.

മൈതാനത്ത് ആളുനിറഞ്ഞപ്പോൾ നഗരിയിലേക്കുള്ള ഒരേയൊരു പ്രവേശന മാർഗ്ഗം പട്ടാളക്കാരെ കൊണ്ടു നിറഞ്ഞു കഴിഞ്ഞു. അവരുടെ തലവനായി ബ്രിഗേഡിയർ ഡയറും വന്നു നില്പുണ്ടായിരുന്നു. പെട്ടെന്നാണ് എല്ലാം സംഭവിച്ചത്. വെടിമരുന്നുശാലയ്ക്കു തീപിടിച്ചതുപോലെ, ഇടിമിന്നൽ കണക്കെ. എന്താണ് സംഭവിക്കുന്നതെന്നറിയാൻ കഴിയാതെ പ്രസംഗം ശ്രദ്ധിച്ചിരുന്നവർ പരക്കം പാഞ്ഞു. പട്ടാളക്കാർ ജനങ്ങൾക്കുനേരെ തുരുതുരാ വെടിയുതിർത്തു. ആയിരക്കണക്കിനു ആളുകൾ തൽക്ഷണം മരിച്ചു വീണു. പുറത്തേക്കു കടക്കാൻ വഴിയില്ലാഞ്ഞ് അവർ അന്യോന്യം തട്ടിവീഴുകയും ചവിട്ടിമെതിക്കപ്പെടുകയും ചെയ്തു. നിറയെ പുകപടലവും ആർത്തനാദവും കൂട്ട നിലവിളിയും.

അവലംബം : ദേശീയ സ്വാതന്ത്ര്യസമരചരിത്രം കുട്ടികൾക്ക് (സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. സ്വാതന്ത്ര്യത്തിന്റെ കഥ - പി.എ. വാര്യർ (കൈരളി ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ്)

## വാഗൺ ട്രാജഡി

മലബാർ കലാപത്തിനെതിരെ ബ്രിട്ടീഷുഭരണം കാണിച്ച നിഷ്ഠൂരതയുടെ നടുക്കുന്ന ഉദാഹരണമാണ് വാഗൺട്രാജഡി എന്ന പേരിലറിയപ്പെടുന്ന കൂട്ടക്കൊല. പോലീസും പട്ടാളവും അറസ്റ്റു ചെയ്ത തൊണ്ണൂറോളം പേരെ തിരൂർ റെയിൽവെ സ്റ്റേഷനിൽ നിന്നും ഒരു ഗുഡ്സ് വണ്ടിയുടെ വാഗണിൽ കയറ്റി. നിവർന്നു നിൽക്കാൻ പോലും സ്ഥലമില്ലാത്ത തരത്തിൽ തീവണ്ടിമുറികളിൽ ആളുകളെ കുത്തിനിറച്ചു. കാറ്റുകടക്കാൻ കഴിയാത്തവിധം വാഗൺ പുറത്തു നിന്നു പൂട്ടി.

കോയമ്പത്തൂരിലേക്കു കൊണ്ടുപോവുകയായിരുന്നു അവരെ. നവംബർ മാസത്തെ കൊടും ചൂട്. വായുകടക്കാത്ത മുറിയിൽ ആ ചുട്ടുപൊള്ളുന്ന ചൂടിൽ ആളുകൾ ശ്വാസംമുട്ടി മരിച്ചുകൊണ്ടിരുന്നു. വണ്ടി പോത്തന്നൂർ സ്റ്റേഷനിലെത്തിയപ്പോൾ, ബഹളം കേട്ടു തീവണ്ടിമുറി കുത്തിത്തുറന്നു നോക്കിയപ്പോഴേക്കും 72 പേർക്കു ജീവൻ നഷ്ടപ്പെട്ടിരുന്നു. അവശേഷിച്ചവർ ജീവച്ഛവങ്ങളായി മാറി. 1921 നവംബർ 10 നാണ് ഈ കൂട്ടക്കൊല നടന്നത്.

അവലംബം : ദേശീയ സ്വാതന്ത്ര്യസമരചരിത്രം കുട്ടികൾക്ക് (സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്. സ്വാതന്ത്ര്യത്തിന്റെ കഥ - പി.എ. വാര്യർ (കൈരളി ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ്)

### എന്റെ പരിസര പുസ്തകത്തിൽ

- വിദ്യാർത്ഥികളുടെ ധീരത - പ്രതികരണക്കുറിപ്പ്.
- ഇന്ത്യക്കാർ അനുഭവിച്ച പ്രയാസങ്ങൾ - കുറിപ്പ്
- ഉപ്പുസത്യഗ്രഹം - കുറിപ്പ്
- സ്വാതന്ത്ര്യസമരഗീതങ്ങൾ - ശേഖരണങ്ങൾ.
- സ്വാതന്ത്ര്യം കിട്ടിയ സന്ദർഭം ആഘോഷിച്ച രീതി - കുറിപ്പ്
- എന്റെ നാട്ടിലെ സ്വാതന്ത്ര്യസമരം - കുറിപ്പ്.

### റഫറൻസ് ഗ്രന്ഥങ്ങൾ

1. ദേശീയ സ്വാതന്ത്ര്യ സമരചരിത്രം കുട്ടികൾക്ക് (കേരള സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്)
2. ഗാന്ധിജിയെ അറിയാൻ - സന്ധ്യാറാവു
3. ബാപ്പു 1, ബാപ്പു 2 - എൻ.ബി.റ്റി
4. നാം ചങ്ങലപൊട്ടിച്ച കഥ - കെ. തായാട്ട്

### സി.ഡികൾ

1. Life of Mahatma
2. Gandhi - Richard Attenbaro

### ക്ലാസ്സിൽ രൂപപ്പെടേണ്ട ഉൽപ്പന്നങ്ങൾ

- ഉപ്പു സത്യാഗ്രഹം - നാടകം
- സ്വാതന്ത്ര്യ സമരം - പതിപ്പ്/ചുമർ പത്രം
- മഹാന്മാരുടെ ചിത്രങ്ങൾ അടങ്ങിയ ആൽബം.